(സി) ഉണ്ടെങ്കിൽ എന്തെല്ലാമാണെന്ന് വെളിപ്പെടുത്താമോ;

(ഡി) ഈ പ്രദേശത്തിന്റെ പിന്നോക്കാവസ്ഥ കണക്കിലെടുത്ത് ഈ ആവശ്യം അംഗീകരിക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് സർക്കാർ/എയ്ഡഡ് സ്കൂളുകൾ പുതുതായി തുടങ്ങുന്നതിനോ അപ്ഗ്രഡ് ചെയ്യുന്നതിനോ നയപരമായ തീരുമാനം കൈക്കൊണ്ടിട്ടില്ല.

(ബി ആന്റ് സി) കേരള വിദ്യാഭ്യാസ നിയമം അദ്ധ്യായം അഞ്ചിലെ നിയമങ്ങൾക്കനുസൃതമായി അടുത്തുള്ള സ്കൂളുകളുടെ ദൂരപരിധി, ആ പ്രദേശത്തിന്റെ വിദ്യാഭ്യാസപരമായ ആവശ്യകത, മറ്റു സ്കൂളുകളുടെ നിലനിൽപ്പിനെ ബാധിക്കാതിരിക്കൽ, സർക്കാരിന്റെ നയപരമായ തീരുമാനം എന്നീ കാര്യങ്ങൾ കണക്കിലെടുത്താണ്.

(ഡി) സർക്കാർ/എയ്ഡഡ് സ്കൂളുകൾ അപ്ഗ്രഡ് ചെയ്യുന്നതിന് നയപരമായ തീരുമാനം കൈക്കൊണ്ടിട്ടില്ല.

മഞ്ചേരി നിയോജകമണ്ഡലത്തിലെ സർക്കാർ എൽ.പി. സ്കൂളുകൾ യു.പി. സ്കൂളുകളായി അപ്ഗ്രഡ് ചെയ്യാൻ നടപടി

93 [1503] ശ്രീ. ഇസ്ഹാക് കുരിക്കൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേരി നിയോജകമണ്ഡത്തിലെ സർക്കാർ എൽ.പി. സ്കൂളുകൾ യു. പി. സ്കൂളുകളായി അപ്ഗ്രഡ് ചെയ്യാനുള്ള നടപടി സ്വീകരിക്കുമോ;

(ബി) ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ?

ഉത്തരം

(എ ആന്റ് ബി) സംസ്ഥാനത്തെ സർക്കാർ/എയ്ഡഡ് സ്കൂളുകൾ ഈ വർഷം അപ്ഗ്രഡ് ചെയ്യുന്നതിന് നയപരമായ തീരുമാനം കൈക്കൊണ്ടിട്ടില്ല.

പന്തളം ചേരിക്കൽ എൽ.പി. സ്കൂൾ അപ്ഗ്രഡ് ചെയ്യുന്ന നടപടിയും ഒഴിവുള്ള തസ്തികകളിൽ നിയമനം നടത്തുന്ന നടപടിയും

94 [1504] ശ്രീ. കെ. കെ. ഷാജു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി/പിന്നോക്ക സമുദായങ്ങൾ തിങ്ങിപ്പാർക്കുന്ന പന്തളം മണ്ഡലത്തിലെ പത്തനംതിട്ട ജില്ലയിൽപ്പെടുന്ന പന്തളം ചേരിക്കൽ എൽ. പി. സ്കൂൾ അപ്ഗ്രഡ് ചെയ്യുന്ന കാര്യം പരിഗണിക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly